## പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: **5693**

**02.07.2014** ൽ മറുപടിക്ക്

**കുട്ടനാട് പാക്കേജ്-കെ.ഇ.എൽ. I, II പദ്ധതി പ്രവൃത്തികൾ**

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. തോമസ് ചാണ്ടി | | ശ്രീ.പി.ജെ.ജോസഫ് (ജലവിഭവവകുപ്പ് മന്ത്രി) |
| (എ) | കുട്ടനാട് പാക്കേജിൽ കെ.ഇ.എൽ I ൽ ഉൾപ്പെടുത്തിയിരുന്ന നെടുമുടി പഞ്ചായത്തിലെ പതിനാല് പാടശേഖരങ്ങളുടെ നിർമ്മാണ പ്രവൃത്തികളിൽ ഏതെല്ലാം പൂർത്തീകരിച്ചുവെന്നും ഏതെല്ലാം നടപ്പിലാക്കാനുണ്ടെന്നുമുള്ള വിശദമായ റിപ്പോർട്ട് ലഭ്യമാക്കുമോ; | (എ) കുട്ടനാട് പാക്കേജിൽ കെ.ഇ.എൽ I ൽ ഉൾപ്പെടുത്തിയിരുന്ന നെടുമുടി പഞ്ചായത്തിലെ പതിനാല് പാടശേഖരങ്ങളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.<br><br>പൂർത്തീകരിച്ച പ്രവൃത്തികൾ<br>1. ദേവസ്വം ചിറയ്ക്കകം പാടശേഖരം<br>2. മുട്ടനവേലി പാടശേഖരം<br>3. മണപ്ര വടക്ക് പാടശേഖരം<br>4. പുത്തൻകരി പാടശേഖരം<br>5. കല്ലൂരം പാടശേഖരം<br>6. കരിയം പള്ളി പാടശേഖരം<br>7. പുത്തൻ പുര പടിഞ്ഞാറ് പാടം<br>8. ഊരാമ പാടം<br><br>പൂർത്തീകരിക്കുവാനുള്ള പ്രവൃത്തികൾ<br>1. പുളിയ്ക്കക്കാവ് പാടശേഖരം<br>2. മണത്രാക്കൽ ഗണപതി പാടശേഖരം<br>3. കല്ലംപള്ളി പാടശേഖരം<br>4. വെണ്ണേലി പാടശേഖരം<br>5. മടത്തിൽ മുല്ലാക്കൽ പാടം<br>6. മണപ്ര തെക്ക് പാടശേഖരം |
| (ബി) | പ്രസ്തുത പ്രവൃത്തികളുടെ കാലാവധി 31-05-2014 ന് ശേഷം ദീർഘിപ്പിച്ച നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ കാരണം വ്യക്തമാക്കുമോ; | (ബി) വെണ്ണേലി പാടം എന്ന പ്രവൃത്തിയുടെ പൂർത്തീകരണ കാലാവധി 09-07-2014 വരെ ദീർഘിപ്പിച്ചു നൽകിയിട്ടുണ്ട്. ഇതൊരു ബാലൻസ് പ്രവൃത്തി പുനക്രമീകരിച്ചു നൽകപ്പെട്ടതാണ്. മറ്റ് കെ.ഇ.എൽ - I വർക്കുകൾക്കൊപ്പം ആരംഭിച്ചതല്ല. കാലാവധി നീട്ടി ലഭിക്കുവാൻ കോൺട്രാക്ടർ സമർപ്പിച്ച കാരണം ബോധ്യപ്പെട്ടതിന്റെ അടിസ്ഥാന ത്തിലാണ് കാലാവധി 09-07-2014 വരെ നീട്ടി നൽകിയത്. |

| | | | |
|---|---|---|---|
| (സി) | പ്രസ്തുത പ്രവൃത്തികളുടെ ബാക്കി പൂർത്തീകരിക്കുന്നതിന് കേന്ദ്ര സർക്കാരിൽ നിന്ന് എത്ര തുക അനുവദിക്കുന്നതിനായി റിപ്പോർട്ട് സമർപ്പിച്ചുവെന്ന് വ്യക്തമാക്കുമോ; | (സി) | 24.70 കോടി രൂപയ്ക്ക് അംഗീകാരം കിട്ടിയിട്ടുള്ള കെ.ഇ.എൽ - I പദ്ധതിയുടെ 75% ആയ 18.525 കോടി രൂപ കേന്ദ്ര വിഹിതമായി ലഭിക്കേണ്ടതാണ്. ഇതിൽ 7.425 കോടി രൂപ ലഭിച്ചിട്ടുണ്ട്. ബാക്കി കേന്ദ്രവിഹിതം ലഭ്യമാക്കുന്നതിനുള്ള സംസ്ഥാന സർക്കാരിന്റെ ഭാഗത്തുനിന്നുള്ള എല്ലാ നടപടിക്രമങ്ങളും പൂർത്തീകരിക്കുകയും കേന്ദ്രസർക്കാരിന് അപേക്ഷ സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. |
| (ഡി) | കെ.ഇ.എൽ. - II പദ്ധതിയിലെ അഞ്ച് പാടശേഖരങ്ങളിലെ എത്രത്തോളം പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ടെന്നും ബാക്കി പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നുമുള്ള വിശദമായ റിപ്പോർട്ട് ലഭ്യമാക്കുമോ? | (ഡി) | കെ.ഇ.എൽ - II പദ്ധതിയിലെ അഞ്ച് പാടശേഖരങ്ങളിലെ പ്രവൃത്തികൾ 72% പൂർത്തീകരിച്ചുകഴിഞ്ഞു. ബാക്കി പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിനായി സത്വര നടപടികൾ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ